## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26-11-2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യൻ ഭരണഘടന അംഗീകരിച്ചതിൻറെ സ്മരണയിൽ രാജ്യം ഇന്ന് സംവിധാൻ ദിവസ് ആഘോഷിക്കുന്നു. രാജ്യത്തെ ജനങ്ങളുടെ ആത്മാഭിമാനവും അന്തസ്സും ഉറപ്പ് വരുത്താൻ ഭരണഘടനയ്ക്ക് സാധിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമ്മു.

**The country is celebrating Samvidhan Diwas today to commemorate the adoption of the Indian Constitution. President Droupadi Murmu said that the Constitution has ensured the self-respect and dignity to the people of the country.**

2. ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന ആഭ്യന്തര വ്യോമയാന വിപണികളിൽ ഒന്നാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi said that India is one of the fastest growing domestic aviation markets in the world.**

3. ഇന്ന് ദേശീയ ക്ഷീര ദിനം. 2025 ലെ ദേശീയ ഗോപാൽ രത്ന പുരസ്കാരങ്ങൾ കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ് ന്യൂഡൽഹിയിൽ വിതരണം ചെയ്യും

**Today is National Milk Day. Union Minister Rajiv Ranjan Singh will present the National Gopal Ratna Awards 2025 in New Delhi**

4. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതം. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം ഒരു കോടി കടന്നതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ

**Campaigning for local body elections is in full swing in Kerala. The number of forms digitized as part of SIR has crossed one crore in the state, said Chief Electoral Officer Ratan U Kelkar**

5. മുംബൈ ഭീകരാക്രമണത്തിൻറെ 17-ാം വാർഷികദിനം ഇന്ന്. ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.

**Today is the 17th anniversary of the Mumbai terror attacks. The country paid tributes to those who lost their lives in the attacks.**

6. കേരളത്തിൽ തെക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.

**IMD predicts isolated heavy rains in southern districts of Kerala. Fishing banned on the Kerala-Lakshadweep coasts till Saturday.**

&&&&&&&&&&&&&&&&&&

## HEADLINE-1

## SAMVIDHAN DIWAS

ഭരണഘടന അംഗീകരിച്ചതിന്റെ സ്മരണയിൽ രാജ്യം ഇന്ന് സംവിധാൻ ദിവസ് ആഘോഷിക്കുന്നു. ഹമാര സംവിധാൻ- ഹമാര സ്വാഭിമാൻ എന്നതാണ് ഈ വർഷത്തെ പ്രമേയം. രാജ്യത്തെ സ്വാതന്ത്ര്യസമര സേനാനികളെ ഓർമ്മിക്കുന്നതിനും ഭരണഘടന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനുമുള്ള രാജ്യത്തിന്റെ പ്രതിബദ്ധത ഊട്ടിഉറപ്പിക്കുന്നതിനുമാണ് ദിനാചരണം.

&&&&&&&&&&&&&&&&&

## SAMVIDHAN DIWAS PREZ (INTRO)

*രാജ്യത്തെ ജനങ്ങളുടെ ആത്മാഭിമാനവും അന്തസ്സും ഉറപ്പ് വരുത്താൻ ഭരണഘടനയ്ക്ക് സാധിച്ചതായി രാഷ്ട്രപതി ദ്രൗപദി മുർമ്മു. ന്യൂഡൽഹി സംവിധാൻ സദനിലെ സെൻട്രൽ ഹാളിൽ നടന്ന സംവിധാൻ ദിവസ് പരിപാടിയെ അഭിസംബോധന ചെ യ്യുകയായിരുന്നു രാഷ്ട്രപതി.*

*(വോയിസ്-രാഷ്ട്രപതി)*

*പരിപാടിയിൽ രാഷ്ട്രപതി ഭരണഘടനയുടെ ആമുഖം വായിച്ചു. മലയാളം ഉൾപ്പടെ ഒമ്പത് ഭാഷകളിൽ ഭരണഘടനയുടെ വിവർത്തനം ചെയ്ത പതിപ്പും സ്മരണിക ലഘുലേഖയും രാഷ്ട്രപതി പുറത്തിറക്കി. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോക്സഭാ സ്പീക്കർ ഓം ബിർല, കേന്ദ്ര മന്ത്രിമാർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, എംപിമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.*

&&&&&&&&&&&&&&&&&

## PM RAJNATH-CONSTITUTION DAY

ഭരണഘടനാ ദിനത്തിൽ പ്രധാനമന്ത്രി, രാജ്യരക്ഷാ മന്ത്രി തുടങ്ങിയ പ്രമുഖർ ഭരണഘടനാ ശിൽപികൾക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ഭരണഘടനാ ശിൽപികളുടെ ദർശനവും ദീർഘവീക്ഷണവും വികസിത

ഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള ഓരോ പൗരൻറെയും പരിശ്രമത്തിൽ പ്രചോദനം നൽകുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

**HEADLINE-2**

**REV. PM– SAESI (INTRO)**

*ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന ആഭ്യന്തര വ്യോമയാന വിപണികളിൽ ഒന്നാണ് ഇന്ത്യയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഹൈദരാബാദിൽ സഫ്രാൻ എയർക്രാഫ്റ്റ് എഞ്ചിൻ സർവീസസ് ഇന്ത്യ സംവിധാനം പ്രധാനമന്ത്രി വീഡിയോ കോൺഫറൻസിംഗിലൂടെ ഉദ്ഘാടനം ചെയ്തു. സ്വാശ്രയവും പ്രതിരോധശേഷിയുള്ളതുമായ ഒരു ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ S A E S I സംവിധാനം ഒരു സുപ്രധാന ചുവടുവയ്പ്പാണ് . മുൻനിര വ്യോമയാന പ്രൊപ്പൽഷൻ എഞ്ചിനുകളുടെ അറ്റകുറ്റപ്പണി, പരിപാലനം തുടങ്ങിയ സൗകര്യങ്ങൾക്ക് സഫ്രാൻ സംവിധാനം ഏറെ സഹായകുമെന്നും അദ്ദേഹം പറഞ്ഞു.*

*( വോയിസ് – പ്രധാനമന്ത്രി)*

*ഇതാദ്യമായാണ് , ഒരു ആഗോള, എഞ്ചിൻ ഒറിജിനൽ എക്വിപ്മെന്റ് മാനുഫാക്ചറർ ഇന്ത്യയിൽ MRO സേവനം ആരംഭിക്കുന്നത്.*

&&&&&&&&&&&&&&&&&

**HEADLINE-5**

**PREZ.RAJNATH – MUMBAI TERROR ATTACKS**

രാജ്യത്തെ നടുക്കിയ മുംബൈ ഭീകരാക്രമണത്തിന്റെ 17-ാം വാർഷികദിനം ഇന്ന്. ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് രാഷ്ട്രപതി ദ്രൗപദി മുർമു, കേന്ദ്രമന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ് തുടങ്ങിയവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു. രാജ്യത്തിനായി ജീവൻ ബലിയർപ്പിച്ച ധീര സൈനികരെ രാഷ്ട്രം നന്ദിയോടെ സ്മരിക്കുന്നതായി രാഷ്ട്രപതി പറഞ്ഞു.

&&&&&&&&&&&&&&&&&&

**HEADLINE-3**

**National Gopal Ratna Awards 2025**

ഇന്ന് ദേശീയ ക്ഷീര ദിനം. ഇന്ത്യൻ ക്ഷീരമേഖലയുടെ പിതാവായി അറിയപ്പെടുന്ന ഡോ. വർഗീസ് കുര്യന്റെ ജന്മദിനമാണ് ദേശീയ ക്ഷീരദിനമായി ആചരിക്കുന്നത്. ദിനത്തോടനുബന്ധിച്ച് ഇന്ന് ന്യൂഡൽഹിയിൽ നടക്കുന്ന പരിപാടിയിൽ 2025 ലെ ദേശീയ ഗോപാൽ രത്ന പുരസ്കാരങ്ങൾ കേന്ദ്ര ക്ഷീരവികസന മന്ത്രി രാജീവ് രഞ്ജൻ സിംഗ് വിതരണം ചെയ്യും. മിൽമ മലബാർ യൂണിയന്റെ വയനാട് മീനങ്ങാടി, പാലക്കാട് കുന്നങ്കാട്ടുപതി ക്ഷീരോല്പാദക സംഘങ്ങൾ ഗോപാൽ രത്ന പുരസ്കാരത്തിന് അർഹമായിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഇന്ന് വൈകുന്നേരം 4.30 വരെ സംസ്ഥാനത്തെ വിവിധ മിൽമ ഡയറികൾ സന്ദർശിക്കാൻ അവസരമുണ്ടാകും.

&&&&&&&&&&&&&&&&&&

**EC – SIR**

വോട്ടർ പട്ടിക തീവ്ര പരിഷകരണത്തിന്റെ രണ്ടാം ഘട്ടത്തിലൂടെ, ഇതുവരെ 50 കോടി 54 ലക്ഷത്തിലധികം എൻന്യൂമറേഷൻ ഫോമുകൾ വിതരണം ചെയ്തതായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ഈ മാസം 4 നാണ് എസ്. ഐ. ആർ രണ്ടാം ഘട്ടം ആരംഭിച്ചത്. ഫെബ്രുവരി 7 നാണ് അന്തിമ വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുക.

&&&&&&&&&&&&&&&&&&

**HEADLINE-4A**

**SIR-KERALA**

കേരളത്തിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം ഒരു കോടി 6 ലക്ഷത്തി 81,040 ആയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. 50 ഫോമുകളിൽ താഴെ

ഡിജിറ്റൈസ് ചെയ്ത BLO മാരുമായി സംസാരിച്ച് അവരുടെ പ്രശ്നങ്ങൾ മനസിലാക്കിയതായും മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEADLINE-4

## POSTAL BALLOT

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. ഡ്യൂട്ടിയിലുള്ള സമ്മതിദായകർക്കുള്ള തപാൽ ബാലറ്റുകൾ ഇന്ന് മുതൽ വിതരണം ചെയ്യും. പോളിംഗ് സ്റ്റേഷനിൽ ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്നവർ, തിരഞ്ഞെടുപ്പ് സുരക്ഷാ ചുമതലകളിൽ നിയോഗിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർ, ഒബ്സർവർമാർ, സെക്ടറൽ ഓഫീസർമാർ തുടങ്ങിയവർക്കാണ് തപാൽ ബാലറ്റിന് അർഹതയുണ്ടാവുക. സംസ്ഥാനത്ത് ഡിസംബർ 9,11 തീയതികളിലായാണ് വോട്ടെടുപ്പ്.

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## NIA-DELHI BOMB BLAST

ഡൽഹി ചുവപ്പുകോട്ട ഭീകരാക്രമണ കേസിൽ ഒരാളെ കൂടി ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു . ആക്രമണം നടത്തിയ ഉമർ നബിക്ക് താമസ സൗകര്യം നൽകിയതിന് ഫരീദാബാദ് സ്വദേശി സോയബിനെയാണ് എൻഐഎ സംഘം ഇന്ന് അറസ്റ്റ് ചെയ്തത്. ഇയാൾ ആക്രമണം നടത്താൻ സഹായിച്ചതായും എൻഐഎ കണ്ടെത്തി.

&&&&&&&&&&&&&&&&&&

## PIYUSH GOYAL (INTRO)

*കയറ്റുമതി വർദ്ധിപ്പിച്ച് ഇന്ത്യ സമ്പദ്‌വ്യവസ്ഥ വികസിപ്പിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യണമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. ന്യൂഡൽഹിയിൽ നടന്ന ബോർഡ് ഓഫ് ട്രേഡിന്റെ നാലാമത് യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയുടെ കയറ്റുമതി വളർച്ച വർദ്ധിപ്പിക്കുന്നതിന് ശക്തമായ കേന്ദ്ര-സംസ്ഥാന പങ്കാളിത്തം ആവശ്യമാണെന്നും ശ്രീ ഗോയൽ പറഞ്ഞു.*

*(വോയിസ് -ഗോയൽ)*

&&&&&&&&&&&&&&&&&&

**FACT CHECK – NEW LABOUR CODES**

പുതിയ തൊഴിൽ നിയമങ്ങൾ തൊഴിലാളികൾക്ക് മിനിമം വേതനവും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിൽ പരാജയമാണെന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്ന് കേന്ദ്ര സർക്കാർ . 90 ശതമാനം തൊഴിലാളികളും അസംഘടിത മേഖലകളിലാണെന്നും അവർ ഈ നിയമ പരിധിക്ക് പുറത്താണെന്നുമുള്ള പ്രചരണങ്ങൾ വ്യാജമാണെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-6**

**KERALA RAIN**

കേരളത്തിൽ തെക്കൻ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക്സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 29 വരെ മത്സ്യ ബന്ധനത്തിന് വിലക്ക്. മുല്ലപ്പെരിയാറിൽ ജലനിരപ്പ് 140.10 അടിയിലെത്തിയടിനെ തുടർന്ന് തമിഴ്നാട് ഒന്നാം ഘട്ട ജാഗ്രത നിർദ്ദേശം പുറപ്പെടുവിച്ചു.

&&&&&&&&&&&&&&&&&&

**IFFI**

56-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്ര മേള ഗോവയിൽ പുരോഗമിക്കുന്നു. തരുൺ മൂർത്തി സംവിധാനം ചെയ്ത മോഹൻലാൽ ലാൽ ചിത്രം 'തുടരും' ജനശ്രദ്ധ നേടി. ഗൊണ്ടാൽ', 'ഭായ്മോൺ ദാ', 'വൈറ്റ് സ്റ്റോ', തുടങ്ങിയ ചിത്രങ്ങൾ ഇന്ന് പ്രദർശനത്തിനുണ്ട്.

&&&&&&&&&&&&&&&&&&

**STOCK+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 899 പോയിന്റ് നേട്ടത്തിൽ 85,486 ലും ദേശിയ ഓഹരി സൂചിക നിഫ്റ്റി 280 പോയിന്റ് ഉയർന്ന് 26,165 ലും വ്യാപാരം തുടരുന്നു . സ്വർണവില കൂടി . പവന് 640 രൂപ വർധിച്ചു 93,800 രൂപയും ഗ്രാമിന് 80 രൂപ കൂടി 11,725 രൂപയുമാണ് ഇന്നത്തെ വില .

&&&&&&&&&&&&&&&&&&

**SABARIMALA CASE**

ശബരിമല സ്വർണ്ണപ്പാളി ക്രമക്കേടിൽ തന്ത്രി കണ്ഠര് രാജീവര്, കണ്ഠര് മോഹനര് എന്നിവരുടെ മൊഴി പ്രത്യേക അന്വേഷണസംഘം രേഖപ്പെടുത്തി. ദേവസ്വം ഉദ്യോഗസ്ഥർ പറഞ്ഞത് പ്രകാരം അറ്റകുറ്റപ്പണിക്ക് ദൈവഹിതം നോക്കി അനുമതി നൽകുക മാത്രമാണ് ചെയ്തതെന്ന് തന്ത്രി കണ്ഠരര് രാജീവര് പറഞ്ഞു. ക്ഷേത്രത്തിൽ ജോലി ചെയ്തിരുന്ന നിലയിൽ ഉണ്ണികൃഷ്ണൻ പോറ്റിയെ അറിയാമെന്നും അദ്ദേഹം അന്വേഷണ സംഘത്തിന് മുന്നിൽ മൊഴി രേഖപ്പെടുത്തിയ ശേഷം മാധ്യമങ്ങളോട് പ്രതികരിച്ചു.

&&&&&&&&&&&&&&&&&&

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്' ഈ മാസം 30-ന് രാവിലെ 11 മണിക്ക്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി പ്രക്ഷേപണം ചെയ്യും. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദ്ദേശങ്ങളും മറ്റന്നാൾ വരെ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെ അറിയിക്കാം.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&